DIET KANNUR



# STEPS

**TIPS AND TECHNIQUES FOR WRITING STRESS FREE EXAMINATION IN DIFFERENT SUBJECTS**

**SOCIAL SCIENCE**

# STEPS
## SOCIAL SCIENCE

## ലോകത്തെ സ്വാധീനിച്ച വിപ്ലവങ്ങൾ

1 . ***അമേരിക്കൻ സ്വാതന്ത്ര്യ സമരത്തിലേക്ക് നയിച്ച കാരണങ്ങൾ***

A) തെറ്റായ നികുതി നയം

**B) മെർക്കന്റലിസ്റ്റ് നിയമങ്ങൾ**

- വ്യാപാരത്തിന് ഇംഗ്ലീഷ് നിർമിത കപ്പലുകളെ മാത്രം ഉപയോഗിക്കണം
- പഞ്ചസാര , കമ്പിളി ,പരുത്തി പുകയില എന്നിവ ഇംഗ്ലണ്ടിലേക്ക് മാത്രം കയറ്റി അയക്കുക
- സ്റ്റാമ്പ് നിയമം
- സൈനിക ചിലവ് കോളനി വഹിക്കണം
- തേയില ഗ്ലാസ് കടലാസ് എന്നിവയ്ക്ക് ഉയർന്ന ഇറക്കുമതി ചുങ്കം

**2. ചിന്തകരുടെ സ്വാധീനം**

➔ ജോൺ ലോക്ക് - മൗലികാവകാശങ്ങൾക്ക് പ്രാധാന്യം

➔ ജെയിംസ് ഓട്ടിസ് - പ്രതിനിധ്യമില്ലാതെ നികുതിയില്ല

3. **സമരത്തിന്റെ ഗതി**

- ഒന്നാം കോണ്ടിനന്റൽ കോൺഗ്രസ്സ്

◆ 1774-ഫിലാഡൽഫിയ - വ്യവസായങ്ങൾക്കും വ്യാപാരത്തിനുമുള്ള നിയന്ത്രണം നീക്കണം

◆ അംഗീകാരമില്ലാതെ നികുതി ചുമത്തരുത്

✗ 1775-രണ്ടാം കോണ്ടിനന്റൽ കോൺഗ്രസ്സ്

- ജോർജ് വാഷിങ്ങ്ടനെ സർവ്വ സൈനാധിപനായി തെരഞ്ഞെടുത്തു
- തോമസ് പെയിനിന്റെ കോമൺസെൻസിന്റെ പ്രസിദ്ധീകരണം

➔ 1776 -ജൂലൈ -4 സ്വതന്ത്ര്യ പ്രഖ്യാപനം

- തയ്യാറാക്കിയവർ- തോമസ് ജെഫേഴ്സൺ, ബഞ്ചമിൻ ഫ്രാങ്ക്ളിൻ

➢ 1783 -പാരീസ് ഉടമ്പടി കോളനികളുടെ സ്വാതന്ത്ര്യം അംഗീകരിച്ചു

**അമേരിക്കൻ സ്വാതന്ത്ര്യസമരത്തിന്റെ സ്വാധീനം**

➢ പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്ക് പ്രചോദനം

➢ മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃക

➢ റിപ്പബ്ലിക്കൻ ഭരണരീതി

➢ ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന

➢ ഫെഡറൽ രാഷ്ട്രം എന്ന ആശയം

---------------------------------------------

## ഫ്രഞ്ച് വിപ്ലവം

**കാരണങ്ങൾ**

- സ്വേച്ഛാധിപതികളായ ഭരണാധികാരികൾ
- ചിന്തകരുടെ സ്വാധീനം

- സാമൂഹിക സാമ്പത്തിക അസമത്വം
- താങ്ങാനാവാത്ത നികുതി

**വിപ്ലവത്തെ സ്വാധീനിച്ച  ചിന്തകർ**

- വോൾട്ടയർ
- റൂസ്സോ
- മോണ്ടെസ്ക്യൂ (വോ റൂ മോ )

**സാമൂഹ്യ സാഹചര്യങ്ങൾ**

3 എസ്റ്റേറ്റുകൾ

- പുരോഹിതർ
- പ്രഭുക്കന്മാർ
- സാധാരണക്കാർ – മധ്യവർഗം

- **ഒന്നാം എസ്റ്റേറ്റ്**

പുരോഹിതർ - പുരോഹിത വൃത്തി , ഭൂ ഉടമസ്ഥാവകാശം ,നികുതി നൽകേണ്ട ,ഉയർന്നപദവി

- **രണ്ടാം എസ്റ്റേറ്റ്**

പ്രഭുക്കന്മാർ - ഭൂ ഉടമകൾ ,നികുതി നൽകേണ്ട, ആഡംബര ജീവിതം നയിച്ചു

- **മൂന്നാം എസ്റ്റേറ്റ്**

മധ്യ വർഗം - നികുതി നല്കാൻ നിർബന്ധിതർ , ഒരാവകാശവും ഇല്ല ,താഴ്ന്ന സാമൂഹ്യ പദവി

***നെപ്പോളിയന്റെ ഭരണ പരിഷ്കാരങ്ങൾ***

- കർഷകർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം
- ബാങ്ക് ഓഫ് ഫ്രാൻസ് രൂപീകരിച്ചു
- പുരോഹിതരെ നിയന്ത്രിച്ചു
- നിയമസംഹിത ഉണ്ടാക്കി
- റോഡുകൾ നിർമിച്ചു
- സിങ്കിങ് ഫണ്ട് രൂപീകരിച്ചു

***ഫ്രഞ്ച് വിപ്ലവത്തിന്റെ സ്വാധീനം***

- ദേശീയതയുടെ ആവിർഭാവം
- മധ്യവർഗത്തിന്റെ വളർച്ച
- പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം നൽകി
- ഫ്യൂഡൽ വ്യവസ്ഥ ഇല്ലാതായി
- ജനകീയ പരമാധികാരം എന്ന ആശയം നിലവിൽ വന്നു

## റഷ്യൻ വിപ്ളവം

**കാരണങ്ങൾ**

- സർ ചക്രവർത്തിമാരുടെ ഏകാധിപത്യ ഭരണം
- കർഷകരുടെയും തൊഴിലാളികളുടെയും ദുരിത ജീവിതം
- അമിത നികുതി
- കാർഷിക വ്യാവസായിക പിന്നോക്കാവസ്ഥ
- ചിന്തകന്മാരുടെയും എഴുത്തുകാരുടെയും സ്വാധീനം

- സോഷ്യലിസ്റ്റ് ആശയങ്ങളുടെ സ്വാധീനം
- റഷ്യ ജപ്പാൻ യുദ്ധത്തിൽ റഷ്യൻ പരാജയം റഷ്യക്കാർക്കുണ്ടായ അപമാനം

**നേതാക്കൾ**

- ➔ ബോൾഷെവിക് (ഭൂരിപക്ഷം )- ലെനിൻ , ട്രോട്സ്കി
- ➔ മെൻഷെവിക് - അലക്സാണ്ടർ കെറൻസ്കി

**ഗതി**

**ഫെബ്രുവരി വിപ്ലവം**

തൊഴിലാളികൾ പെട്രോഗാർഡ്വിപ്ലവം പിടിച്ചെടുത്തു സർ നിക്കോളാസ് രണ്ടാമനെ സ്ഥാനഭ്രഷ്ടനാക്കി

മെൻഷെവിക് നേതാവ് കെരൻസ്കിയുടെ നേതൃത്വത്തിൽ താത്കാലിക ഗവർമെന്റ് രൂപീകരിച്ചു .റഷ്യൻ കലണ്ടർ അന്താരാഷ്ട്ര കലണ്ടറിനേക്കാൾ കുറച്ചു ദിവസം പിറകിലായതിനാൽ മാർച്ചിൽ നടന്ന ഈ വിപ്ലവം ഫെബ്രുവരി വിപ്ലവമെന്നറിയപ്പെടുന്നു

**ഒക്ടോബർ വിപ്ലവം**

ഒരു കൂട്ടം സോവിയറ്റുകൾ താത്കാലിക ഗവമെന്റിനെ അംഗീകരിച്ചില്ല . സ്വിറ്റ്സർലണ്ടിലായിരുന്ന ലെനിൻ റഷ്യയിൽ തിരിച്ചെത്തി താത്കാലിക ഗവർമെന്റിനെ ശക്തമായി എതിർക്കുകയും അധികാരം സോവിറ്റുകൾക്ക് കൈമാറാൻ ആവശ്യപ്പെടുകയും ചെയ്തു . സോവിയറ്റുകളും ബോൾഷെവിക്കുകളും ലെനിനെ പിന്തുണച്ചു .തൊഴിലാളികളുടെ ഗവർമെന്റിന് മാത്രമേ നൂറ്റാണ്ടു പഴക്കമുള്ള സാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാനാവൂ .

റഷ്യ ഒന്നാം ലോകയുദ്ധത്തിൽ നിന്ന് പിന്മാറുക

പ്രഭുക്കന്മാരുടെ ഭൂമി പിടിച്ചെടുത്ത് കർഷകർക്ക് വിതരണം ചെയ്യുക

ഫാക്ടറികൾ പൊതു ഉടമസ്ഥതയിൽ ആക്കുക

എന്നീ ആവശ്യങ്ങളുന്നയിച്ച സായുധ വിപ്ലവം നടത്തി

അന്നത്തെ റഷ്യൻ കലണ്ടർ അനുസരിച്ച ഒക്ടോബറിൽ നടന്ന ഈ വിപ്ലവം ഒക്ടോബർ വിപ്ലവം എന്നറിയപ്പെടുന്നു

**ഫലങ്ങൾ**

- ◆ ലോക ചരിത്രത്തെ സ്വാധീനിച്ചു
- ◆ സോവിയറ്റ് യൂണിയന്റെ രൂപീകരണം
- ◆ സോഷ്യലിസ്റ്റ് ആശയങ്ങളുടെ വ്യാപനം
- ◆ ശാസ്ത്ര സാങ്കേതിക പുരോഗതി

---------------------------------------

## സമരവും സ്വാതന്ത്ര്യവും

**ഗാന്ധിജിയുടെ ആദ്യകാല സമരങ്ങൾ** (പ്രാദേശികം )

- 1917- ചമ്പാരൻ സത്യാഗ്രഹം - ബീഹാർ നീലം കർഷകർ
- 1918 - അഹമ്മദാബാദ് തുണിമിൽ സമരം - ഗുജറാത്ത്
- 1918 - ഖേദ കർഷക സമരം - ഗുജറാത്ത്

**ഗാന്ധിജി നേതൃത്വം നൽകിയ ദേശീയ സമരങ്ങൾ**

- ➔ 1920 - നിസ്സഹകരണവും ഖിലാഫത്ത് പ്രസ്ഥാനവും
- ◆ ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തുക
- ◆ ഹിന്ദു മുസ്ലീം ഐക്യം വളർത്തുക

1922 ചൗരിചൗരാ സംഭവത്തെ തുടർന്ന് നിസ്സഹകരണ സമരം പിൻവലിച്ചു

**നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ**

- വിദേശവസ്തു ബഹിഷ്കരണം
- തെരെഞ്ഞെടുപ്പ് ബഹിഷ്കരണം
- കോടതി ബഹിഷ്കരണം
- ഇഗ്ലീഷ് വിദ്യാലയങ്ങൾ ബഹിഷ്കരണം
- ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരിച്ചുനൽകുക

➔ 1930 - സിവിൽ നിയമലംഘന സമരം

- ഉപ്പു സത്യാഗ്രഹം - ദണ്ഡി മാർച്ച്
- ബ്രിട്ടീഷ് നിയമങ്ങൾ ലംഘിക്കുക
- പൂർണ സ്വരാജ് (ലാഹോർ കോൺഗ്രസ്സ് 1929)

➔ 1942 - ക്വിറ്റ് ഇന്ത്യ സമരം

- ബ്രിട്ടീഷ്കാർ ഇന്ത്യ വിടുക

**സുഭാഷ് ചന്ദ്രബോസ്**

- INA രൂപീകരണം
- ക്യാപ്റ്റൻ ലക്ഷ്മി - ഝാൻസി റെജിമെൻറ് രൂപീകരണം
- ഫോർവേഡ് ബ്ലോക്ക് രൂപീകരണം
- സിങ്കപ്പൂരിൽ സ്വതന്ത്ര ഭാരതത്തിന്ന് താത്കാലിക ഗവൺമെൻറ് രൂപീകരിച്ചു

--------------------------------

## സ്വാതന്ത്ര്യാനന്തര ഇന്ത്യ

***നാട്ടു രാജ്യ സംയോജനം***

സ്റ്റേറ്റ് ഡിപ്പാർട്മെൻറ് രൂപീകരണം

- അധ്യക്ഷൻ - സർദാർ വല്ലഭ് ഭായ് പട്ടേൽ

- സെക്രട്ടറി - വി പി മേനോൻ

**നാട്ടു രാജ്യ ലയന കരാർ**

- പ്രതിരോധം , വിദേശകാര്യം വാർത്താവിനിമയം എന്നിവയുടെ നിയന്ത്രണം കേന്ദ്ര സർക്കാരിന്
- ഹൈദ്രബാദ് , കാശ്മീർ , ജുനഗഡ് എന്നിവയെ അനുരഞ്ജനത്തിലൂടെയും സൈനിക നടപടിയിലൂടെയും ലയിപ്പിച്ചു

**ശാസ്ത്ര സാങ്കേതിക നേട്ടങ്ങൾ**

നെഹ്രുവിന്റെ നേതൃത്വത്തിൽ ഗവേഷണസ്ഥാപനങ്ങൾ നിലവിൽ വന്നു

- ശാസ്ത്ര വ്യാവസായിക ഗവേഷണ സമിതി
- ഇന്ത്യൻ കാർഷിക ഗവേഷണ സമിതി
- ഇന്ത്യൻ മെഡിക്കൽ ഗവേഷണ സമിതി
- എച് ജെ ബാബ -റ്റാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസേർച് , ആണവോർജ കമ്മീഷൻ എന്നിവ സ്ഥാപിച്ചു ക്ര
- ഐഐടി കൾ സ്ഥാപിച്ചു
- മെഡിക്കൽ വിദ്യാഭ്യാസം
- ബയോകെമിക്കൽ ഇൻജനീറിങ് തുടങ്ങിയ മേഖലകളിൽ നേട്ടം
- ജനിതക ശാസ്ത്രം
- ജൈവ സാങ്കേതിക വിദ്യ
- ആരോഗ്യം ഗതാഗതം തുടങ്ങിയ മേഖലകളിൽ നേട്ടം

**വിദ്യാഭാസ പുരോഗതി**

**വിദ്യാഭ്യാസ കമ്മീഷനുകളുടെ രൂപീകരണം**

- ✔ 1948-ഡോ .രാധാകൃഷ്ണൻ കമ്മീഷൻ - സർവകലാശാല വിദ്യാഭ്യാസത്തെക്കുറിച്ചുള്ള പഠനം

U G C രൂപീകരണം സ്ത്രീ വിദ്യാഭ്യാസം , തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉടങ്ങിയവയ്ക്ക് പ്രോത്സാഹനം

- ✔ 1952-മുതലിയാർ കമ്മീഷൻ

സെക്കന്ററി വിദ്യാഭ്യാസമേഖലയെ കുറിച്ച് പഠനം

ത്രിഭാഷാ പദ്ധതി

വിവിധോദ്ദേശ സ്കൂളുകൾ

അധ്യാപക പരിശീലന സമിതിയുടെ രൂപീകരണം

സെക്കന്ററി വിദ്യാഭ്യാസ കമ്മീഷന്റെ രൂപീകരണം

- ✔ 1964 കോത്താരി കമ്മീഷൻ

വിദ്യാഭ്യാസത്തിന്റെ ദേശീയ മാതൃക ലക്ഷ്യം

10 + 2 + 3 മാതൃകയിൽ വിദ്യാഭ്യാസം

സെക്കന്ററി തലത്തിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം

ധാർമിക വിദ്യാഭ്യാസത്തിന്ന് പ്രാധാന്യം

- ➔ **1986- ദേശീയ വിദ്യാഭ്യാസ നയം**

പ്രാഥമിക വിദ്യാഭ്യാസത്തിന്നും ഉടർ വിദ്യാഭ്യാസത്തിന്നും പ്രാധാന്യം

ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

നവോദയ വിദ്യാലയങ്ങളുടെ രൂപീകരണം

പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം

- ➔ 2009-വിദ്യാഭ്യാസ അവകാശ നിയമം

***ഇന്ത്യയുടെ വിദേശ നയം***

**പ്രധാന തത്വങ്ങൾ**

- കോളനി വ്യവസ്ഥയോടുള്ള എതിർപ്പ്
- സമാധാനപരമായ സഹവർത്തത്വം
- U N ലുള്ള വിശ്വാസം
- പഞ്ച ശീല തത്വങ്ങൾ
- ചേരിചേരാ നയം
- വംശീയ വാദത്തോടുള്ള വിദ്വേഷം
- സാമ്രാജ്യത്വ ത്തോടുള്ള എതിർപ്പ്
- വിദേശ സഹായത്തിന്റെ ആവശ്യകതയുടെ ഊന്നൽ

**പഞ്ചശീല തത്വങ്ങൾ**

1954-ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവും ചൈനീസ് പ്രധാനമന്ത്രി ചൗ എൻ ലായിയും ഒപ്പു വെച്ച കരാർ

1. രാജ്യത്തിന്റെ അതിർത്തിയും പരമാധികാരവും പരസ്പരം അംഗീകരിക്കുക
2. പരസ്പരം അക്രമിക്കാതിരിക്കുക
3. ആഭ്യന്തര കാര്യങ്ങളിൽ പരസ്പരം ഇടപെടാതിരിക്കുക
4. സമത്വവും പരസ്പരസഹായവും പുലർത്തുക
5. സമാധാനപരമായ സഹവർത്തിത്വം പാലിക്കുക

# പൊതുഭരണം

-ഗവെർന്മെന്റിന്റെ നയങ്ങളും നിയമങ്ങളും വികസന പദ്ധതികളും നടപ്പാക്കുന്നതിനും മനുഷ്യവിഭവവും ഭൗതികസാഹചര്യങ്ങളും ഫലപ്രദമായി വിനിയോഗിക്കുന്നതിനെ പൊതുഭരണമെന്നു പറയുന്നു

**പൊതുഭരണത്തിന്റെ പ്രാധാന്യം**

a) ഗവ. നയങ്ങൾ രൂപപ്പെടുത്തുന്നു
b) ജനക്ഷേമം ഉറപ്പാക്കുന്നു
c) ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം
d) സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു

**ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷത**

1. ശ്രേണീപരമായ സംഘാടനം
2. സ്ഥിരത
3. യോഗ്യത അടിസ്ഥാനമാക്കിയുള്ള നിയമനം
4. രാഷ്ട്രീയ നിഷ്പക്ഷത
5. വൈദഗ്ദ്യം

## ഇന്ത്യൻ സിവിൽ സർവീസ്

**അഖിലേന്ത്യാ സർവീസ്**

- ദേശീയ തലത്തിൽ തെരഞ്ഞെടുക്കുന്നു
- കേന്ദ്ര സർവീസിലോ സംസ്ഥാന സർവീസിലോ നിയമിക്കപ്പെടുന്നു

ഉദാ : IAS, IPS

**കേന്ദ്ര സർവീസ്**

- ദേശീയ തലത്തിൽ തെരഞ്ഞെടുക്കുന്നു
- കേന്ദ്ര ഗവർമെന്റിന് മാത്രം അധികാരമുള്ള ഭരണവകുപ്പുകളിൽ നിയമിക്കുന്നു

ഉദാ : IFS, IRS

**സംസ്ഥാന സർവീസ്**

- സംസ്ഥാന തലത്തിൽ തെരഞ്ഞെടുക്കുന്നു
- സംസ്ഥാന ഗവർമെന്റിന് കീഴിൽ വരുന്ന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു

ഉദാ : വില്ലജ് ഓഫീസർ , പോലീസ്

**ഇ ഗവെർണൻസ്**

നേട്ടങ്ങൾ

- സേവനത്തിന്നായി സർക്കാർ ഓഫിസിൽ കാത്ത് നിൽക്കേണ്ടതില്ല
- വിവര സാങ്കേതിക വിദ്യയുടെ സഹായത്താൽ സേവനം നേടാം
- കുറഞ്ഞ ചെലവിലും വേഗത്തിലും സർക്കാർ സേവനം
- ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിക്കുന്നു
- സേവനത്തിന്റെ ഗുണമേന്മ കൂടുന്നു

# ഋതുഭേദങ്ങളും സമയവും

***ഋതുഭേദങ്ങൾക്ക് കാരണം***

- ➔ സൂര്യന്റെ അയനം
- ➔ അച്ചുതണ്ടിന്റെ സമാന്തരത
- ➔ ഭൂമിയുടെ പരിക്രമണം

**അച്ചുതണ്ടിന്റെ സമാന്തരത**

ഭൂമിയുടെ അച്ചുതണ്ടിന് $23 1/2^0$ ചെരിവുണ്ട് . ഈചെരിവ് പരിക്രമണവേളയിലുടനീളം നിലനിൽക്കുന്നു

**സൂര്യന്റെ അയനം**

ഭൂമിക്ക് ആപേക്ഷികമായി സൂര്യന്റെ സ്ഥാനം ഉത്തരായന രേഖക്കും ദക്ഷിണായന രേഖക്കുമിടയിലായി നീങ്ങുന്നു

പട്ടിക പൂർത്തിയാക്കുക

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതു | ക്കൾ |
|---|---|---|---|
| | | ഉത്തരാർധ ഗോളത്തിൽ | ദക്ഷിണാർധ ഗോളത്തിൽ |
| മാർച്ച് 21 മുതൽ ജൂൺ 21 വരെ | ഭൂമധ്യ രേഖയിൽ നിന്ന് ഉത്തരായന രേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 മുതൽ സെപ്റ്റംബർ 23 വരെ | ഉത്തരായന രേഖയിൽ നിന്ന് ഭൂമധ്യ രേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്റ്റംബർ 23 മുതൽ ഡിസംബർ 22 വരെ | ഭൂമധ്യ രേഖയിൽ നിന്ന് ദക്ഷിണായന രേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 മുതൽ മാർച്ച് 21 വരെ | ദക്ഷിണായന രേഖയിൽ നിന്ന് ഭൂമധ്യ രേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

പട്ടിക പൂർത്തിയാക്കുക

| ദിനം | പേര് | സവിശേഷത |
|---|---|---|
| മാർച്ച് 21 | സമരാത്ര ദിനം (വിഷുവം ) | തുല്യമായ രാവും പകലും |
| ജൂൺ 21 | ഗ്രീഷ്മഅയനാന്തംദിനം | ഉത്തരാർധ ഗോളത്തിൽ ദൈർഘ്യമേറിയ പകൽ |
| സെപ്റ്റംബർ 23 | സമരാത്ര ദിനം (വിഷുവം ) | തുല്യമായ രാവും പകലും |
| ഡിസംബർ 22 | ശൈത്യഅയനാന്തദിനം | ദക്ഷിണാർധ ഗോളത്തിൽ ദൈർഘ്യമേറിയ പകൽ |

ഋതുക്കളുടെ ചാക്രികത




**വസന്ത കാലം പ്രത്യേകതകൾ**

- ശൈത്യ കാലത്തിൽ നിന്നും ഗ്രീഷ്മത്തിലേക്കുള്ള പരിവർത്തനകാലം
- ചെടികൾ തളിർക്കുന്ന , മാവ് പൂക്കുന്ന , പ്ലാവ് കായ്ക്കുന്ന

**ഹേമന്ത കാലം പ്രത്യേകതകൾ**

- ഗ്രീഷ്മത്തിൽനിന്ന് ശൈത്യത്തിലേക്കുള്ള പരിവർത്തന കാലം
- അന്തരീക്ഷ ഊഷ്മാവ് ഗണ്യമായി കുറയുന്നു
- പകലിന്റെ ദൈർഘ്യം കുറയുന്നു
- വൃക്ഷങ്ങൾ ഇലപൊഴിക്കുന്നു

**ഉത്തരായനം**

➢ ദക്ഷിണായന രേഖയിൽനിന്ന് ഉത്തരായന രേഖയിലേക്കുള്ള സൂര്യന്റെ അയനമാറ്റം


ദക്ഷിണായനം

➢ ഉത്തരായണരേഖയിൽനിന്ന് ദക്ഷിണായനരേഖയിലേക്കുള്ള സൂര്യന്റെ അയനമാറ്റം

**ഭ്രമണത്തിന്റെ സവിശേഷതകൾ**

✗ രാത്രിയും പകലും
✗ പടിഞ്ഞാറു നിന്നും കിഴക്കോട്ട്
✗ 24 മണിക്കൂർ

ഇന്ത്യൻ സമയം ( $82 1/2^0$ കിഴക്ക്) വെള്ളിയാഴ്ച്ച വൈകു : 6:30 ന് നടക്കുന്ന ഐ എസ് എൽ ഫുട്ബോൾ മത്സരത്തിന്റെ തത്സമയ സംപ്രേഷണം ഇംഗ്ലണ്ടിലെയും ($0^0$) ജപ്പാനിലെയും ($135^0$ കിഴക്ക് )ജനങ്ങൾക്ക് എപ്പോൾ കാണാൻ സാധിക്കും




**ഗ്രീനിച് രേഖയുടെപ്രത്യേകതകൾ**

- $0^0$ രേഖാംശ രേഖ
- ലോകത്താകമാനം സമയം നിർണയിക്കുന്നതിനുള്ള അടിസ്ഥാന രേഖ (പ്രൈം മെറീഡിയൻ )
- ഇംഗ്ലണ്ടിലെ ഗ്രീനിച് എന്ന സ്ഥലത്തുകൂടെ കടന്നു പോകുന്നു
- ഈ രേഖയുടെ അടിസ്ഥാനത്തിൽ 24 സമയ മേഖലകൾ
- ഗ്രീനിച് രേഖയിലെ  പ്രാദേശിക സമയമാണ് ഗ്രീനിച് സമയം

**മാനക രേഖാംശവും സമയവും**

- ◆ ഓരോ രാജ്യത്തും സമയ നിർണയത്തിന് അടിസ്ഥാനമാക്കുന്ന രേഖാംശ രേഖ
- ◆ മാനക രേഖാംശത്തിലെ പ്രാദേശിക സമയമാണ് മാനക സമയം

**ഇന്ത്യയുടെ മാനകരേഖാംശവും ഇന്ത്യൻ സ്റ്റാൻഡേർഡ് സമയവും**

- ➢ $82 1/2^0$ കിഴക്ക് ആണ് ഇൻഡ്യയുടെ മാനകരേഖാംശം
- ➢ ഇൻഡ്യയുടെ മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം
- ➢ ഗ്രീനിച് സമയവും ഇന്ത്യൻ സ്റ്റാൻഡേർഡ് സമയവും തമ്മിലുള്ള വ്യത്യാസം $5 1/2^0$ മണിക്കൂർ

**അന്താരാഷ്ട്ര ദിനാങ്കരേഖ - സവിശേഷതകൾ**

- $180^0$ രേഖാംശരേഖ
- നേർരേഖയല്ല
- ബെറിംഗ് കടലിടുക്കിലൂടെ കടന്നു പോകുന്നു (പെസഫിക് സമുദ്രം )
- ദിനാങ്ക രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ ഒരു ദിവസത്തെ (24 മണിക്കൂർ ) വ്യത്യാസമുണ്ട്

## മാനവ വിഭവശേഷി വികസനം ഇന്ത്യയിൽ

**അധ്വാന ശേഷി മെച്ചപ്പെടുത്തുന്നതിനുള്ള ഗുണപരമായ ഘടകങ്ങൾ**

- വിദ്യാഭ്യാസം
- ആരോഗ്യ പരിപാലനം
- പരിശീലനം
- സാമൂഹ്യ മൂലധനം

**മാനവ വിഭവശേഷി വികസനത്തിന്റെ നേട്ടങ്ങൾ**

- ➢ സാമ്പത്തിക അസമത്വം കുറയുന്നു
- ➢ പ്രകൃതി വിഭവങ്ങൾ കാര്യക്ഷമമായി ഉപയോഗപ്പെടുത്താം
- ➢ സാങ്കേതിക വിദ്യയുടെ ഉപയോഗവും വികസനവും സാധ്യമാക്കൽ
- ➢ സാമൂഹ്യക്ഷേമം ഉറപ്പുവരുത്തുന്നു
- ➢ സംരംഭകത്വ ശേഷി മെച്ചപ്പെടുന്നു
- ➢ തൊഴിലാളികളുടെ ഉത്പാദനശേഷി വർദ്ധിക്കുന്നു

**വിദ്യാഭ്യാസവും മാനവശേഷി വികസനവും**

വിദ്യാഭ്യാസം

വ്യക്തികളുടെ നൈപുണി മെച്ചപ്പെടുന്നു

സാങ്കേതിക പരിജ്ഞാനത്തിലെ മികവ്

മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാൻ സഹായിക്കുന്നു

ജീവിത നിലവാരം മെച്ചപ്പെടുന്നു

| പദ്ധതികൾ | ലക്ഷ്യങ്ങൾ |
|---|---|
| **I C D S** | • 6 വയസ്സ് വരെയുള്ള കുട്ടികളുടെ സംയോജിത വികസനം ഉറപ്പുവരുത്തുക<br>• പോഷകാഹാര ലഭ്യത ഉറപ്പുവരുത്തട്ടുക |
| S S A | - ഹയർ സെക്കണ്ടറി തലം വരെ സാർവത്രിക വിദ്യാഭ്യാസം<br>- തുല്യതയും ഗുണമേന്മയും ഉറപ്പുവരുത്തുക |
| RUSA | - ഉന്നത വിദ്യാഭ്യാസ ലഭ്യത ഉറപ്പുവരുത്തുക<br>- ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുക |
| NSD & MRS | - യുവാക്കളുടെ തൊഴിൽ നൈപുണി മെച്ചപ്പെടുത്തുക<br>- തൊഴിൽ നൈപുണി ഉള്ള ജനതയുടെ ലഭ്യത ഉറപ്പുവരുത്തുക |

➔ ഇന്ത്യയിലെ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ
കൊഴിഞ്ഞുപോക്ക്
അടിസ്ഥാനസൗകര്യങ്ങളുടെ ലഭ്യതക്കുറവ്
ഗുണനിലവാരം മെച്ചപ്പെടണം

■ ആരോഗ്യമുള്ള വ്യക്തികൾ ഒരു രാജ്യത്തിൻറെ പുരോഗതിക്ക് സഹായകരമാകുന്നതെങ്ങിനെ

- ഉദ്പാദനം വർധിക്കും
- സാമ്പത്തിക വികസനം
- പ്രകൃതി വിഭവങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തുന്നു

**ആരോഗ്യ സംരക്ഷണത്തിനായി ഉറപ്പ് വരുത്തേണ്ട സൗകര്യങ്ങൾ**

- പോഷകാഹാരം
- പ്രതിരോധ കുത്തിവെപ്പ്
- ശുചിത്വം

**ആരോഗ്യ മേഖലയിൽ വിവിധ തലത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ**

- മെഡിക്കൽ കോളേജ്
- ജില്ലാ ആശുപത്രികൾ
- സാമൂഹ്യ ആരോഗ്യ കേന്ദ്റങ്ങൾ
- പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ
- ആരോഗ്യ ഉപ കേന്ദ്രങ്ങൾ

# വൈവിധ്യങ്ങളുടെ ഇന്ത്യ

**ഉത്തര പർവ്വതമേഖലയുടെ സവിശേഷതകൾ**

**ഉത്തര പർവ്വത മേഖല**

| ട്രാൻസ് ഹിമാലയം | ഹിമാലയം | കിഴക്കൻ മല നിരകൾ |
|---|---|---|
| കാരക്കോറം | ഹിമാദ്രി | പൂർവ്വാചൽ |
| ലഡാക് | ഹിമാചൽ | ഖാസി ഗാരോ ,ജയന്തി കുന്നുകൾ |
| സസ്കർ | സിവലിക് | നാഗാ കുന്നുകൾ |
| മൗണ്ട് | | പാത് കയ് ബം |
| | | ചിറാപുഞ്ചി |

**ഹിമാലയം മൂന്ന് പർവ്വത നിരകൾ**

**ഹിമാദ്രി**

- ഏറ്റവും ഉയരം കൂടിയ നിര
- ശരാശരി ഉയരം 6000 മീറ്റർ
- നിരവധി കൊടുമുടികൾ (ഉദാ: കാഞ്ചൻ ജംഗ ,നന്ദാദേവി
- നദികളുടെ ഉദ്ഭവ സ്ഥാനം (ഗംഗ , യമുന )

**ഹിമാചൽ**

- ഹിമാദ്രിയുടെ തെക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു
- ശരാശരി ഉയരം 3000 മീറ്റർ
- സുഖവാസ കേന്ദ്രങ്ങൾ (ഷിംല ,ഡാര്ജിലിംങ് )

**സിവാലിക്**

- ഹിമാചലിന് തെക്ക് ഭാഗത്ത് സ്ഥിതി ചെയ്യുന്നു
- ശരാശരി ഉയരം 1220 മീറ്റർ
- നീളമേറിയ വിസ്തൃതമായ താഴ് വരകൾ (ഡൂണുകൾ ) ഉദാ: ഡെറാഡൂൺ
- ഹിമാലയൻ നദികൾ പലയിടങ്ങളിലും തുടർച്ച നഷ്ടപ്പെടുത്തുന്നു

**ഉത്തര പർവ്വത മേഖലയുടെ പ്രാധാന്യം**

- ഇന്ത്യയുടെ കാലാവസ്ഥ ജനജീവിതം എന്നിവ രൂപപ്പെടുത്തുന്നതിൽ ഉത്തര പർവ്വത മേഖലയുടെ പങ്ക്
- വടക്ക് പടിഞ്ഞാറ് നിന്നുള്ള വൈദേശിക അക്രമങ്ങളിൽ നിന്ന് ഒരു പരിധിവരെ നമ്മെ സംരക്ഷിക്കുന്നു
- മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി മഴ പെയ്യിക്കുന്നു
- ശൈത്യ കാലത്ത് വടക്ക് നിന്ന് വീശുന്ന വരണ്ട ശീതക്കാറ്റിനെ തടയുന്നു
- വൈവിധ്യമാർന്ന സസ്യ-ജന്തു ജാലങ്ങളുടെ ആവാസകേന്ദ്രം
- നദികളുടെ ഉദ്ഭവപ്രദേശം

| നദികൾ | ഉദ്ഭവസ്ഥാനം | നീളം | പോഷക നദികൾ | ഒഴുകുന്ന സംസ്ഥാനങ്ങൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|---|---|
| സിന്ധു | മനസസരോവർ തടാകം (തിബത് ) | ഏകദേശം 2880 കി മീ ഇന്ത്യയിൽ | സലം രവി , സത്ലജ് ബിയാസ് | ജമ്മു കാശ്മീർ ഹിമാചൽ പഞ്ചാബ് | അറബിക്കടൽ |

| | | | | | |
|---|---|---|---|---|---|
| | | 709 കി മീ | ചെനാബ് | ഹരിയാന | |
| ഗംഗ | ഗോമുഖ് ഗുഹ (ഗംഗോത്രി ഹിമാനി | ഏകദേശം 2500 കി മീ | യമുന , ഗോമതി ഗാഘ് ര കോസി ,ചമ്പൽ കെൻ | ഉത്തരാഞ്ചൽ ഉത്തർ പ്രദേശ് ബീഹാർ പശ്ചിമ ബംഗാൾ | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ചെമ-യുങ് -ഉങ് ഹിമാനി (തിബത് ) | ഏകദേശം 2900 കി മീ ഇന്ത്യയിൽ 725 കി മീ | തീസ്ത ,മനസ് സുബിൻ, ലുഹിത് | അരുണാചൽ പ്രദേശ് ആസാം മേഘാലയ | ബംഗാൾ ഉൾക്കടൽ |

**ഉപദ്വീപീയ പീഠഭൂമി സവിശേഷതകൾ**

- മധ്യ പ്രദേശ് ത്സാർഖണ്ഡ് ഛത്തീസ്ഗഡ് എന്നീ സംസ്ഥാനങ്ങളും മഹാരാഷ്ട്ര, കർണാടക, തമിഴ് നാട്, തെലങ്കാന, ഒഡീഷ, പ. ബംഗാൾ എന്നീ സംസ്ഥാനങ്ങളുടെ ഭാഗങ്ങളും ഉൾപ്പെട്ട ഭൂവിഭാഗം
- ഇന്ത്യയിലെ ഏറ്റവും വിസ്തൃതവും പഴക്കം ചെന്നതുമായ ഭൂവിഭാഗം
- ഏകദേശം 15 ലക്ഷം കി മിവിസ്തൃതി
- പർവ്വതങ്ങൾ പീഠഭൂമികൾ താഴ്വാരങ്ങൾ
- ഈ മേഖലയിലെ ഏറ്റവും ഉയരം കൂടിയ കൊടുമുടി ആനമുടി (ഇടുക്കി ജില്ല )
- വിവിധതരം ധാതുക്കളുടെ കലവറ
- ആരവല്ലി, പശ്ചിമ ഘട്ടം, പൂർവ്വഘട്ടം, വിന്ധ്യ, സത്പുര പർവ്വത നിരകൾ
- മാൾവ, ചോട്ടാ നാഗ്പൂർ, ഡക്കാൻ പീഠഭൂമികൾ
- കച് , കത്തിയവർ ഉപദ്വീപ്

**ഹിമാലയൻ നദികൾ ഉപദ്വീപീയ നദികൾ -സവിഷേതകൾ**

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയ പർവ്വത നിരകളിൽ നിന്ന് ഉദ്ഭവിക്കുന്ന<br>അതി വിസ്തൃതമായ വൃഷ്ടി പ്രദേശം<br>അപരാദന തീവ്രത കൂടുതൽ<br>ഉയർന്ന ജലസേചന ശേഷി | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽനിന്ന് ഉദ്ഭവിക്കുന്ന<br>വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം<br>അപരദന തീവ്രത കുറവ്<br>കുറഞ്ഞ ജലസേചന ശേഷി |

**പടിഞ്ഞാറൻ തീര സമതലം - കിഴക്കൻ തീര സമതലം**

| പടിഞ്ഞാറൻ തീര സമതലം | കിഴക്കൻ തീര സമതലം |
|---|---|
| അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ<br>റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>താരതമ്യേന വീതി കുറവ്<br>കായലുകളും അഴിമുഖങ്ങളും<br>ഗുജറാത്ത് , കൊങ്കൺ , മലബാർ തീരാ സമതലം | ബംഗാൾ ഉൾക്കടലിനും പൂർവ്വഘട്ടത്തിനുമിടയിൽ<br>സുന്ദരവനം മുതൽ കന്യാകുമാരി വരെ<br>വീതികൂടുതൽ<br>ഡെൽറ്റ രൂപീകരണം<br>കോരമണ്ഡൽ വടക്കൻ സിർകാർസ് തീരസമതലം |

**മാപ്**

| | | |
|---|---|---|
| കാരക്കോറം | കച്ച് , കത്തിയവാർ ഉപദ്വീപ് | മഹാനദി |
| ലഡാക് സസ്കർ | | ഗോദാവരി |
| ഖാസി ഗാരോ ജയന്തിയ | | |
| മിസോ നാഗാ പത്കൈബ | | കൃഷ്ണ |
| ആരവല്ലി | | നർമദാ |
| വിന്ധ്യ | | |
| സത്പുര | | താപ്തി |
| പശ്ചിമ ഘട്ടം | | |
| പൂർവ്വഘട്ടം | | |
| കാവേരി | | |